പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1688 | 15.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.പി.അയിഷാപോറ്റി** | **ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി ആരംഭിച്ചത് എന്നാണ്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | (എ) 2009-10 വർഷത്തിലാണ് സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സമൂഹത്തിൽ കൌമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സ്കൂളുകൾ വഴിയും അങ്കണവാടികൾ വഴിയും സാമൂഹ്യമാനസിക വിഷയങ്ങളിൽ സഹായം നൽകുക.<br>2. സാമൂഹ്യാധിഷ്ഠിത പദ്ധതികളിലൂടെയും വൈദഗ്ദ്ധ്യ പരിശീലനത്തിലൂടെയും കൌമാര പ്രായക്കാരായ പെൺകുട്ടികളെ ശാക്തീകരിക്കുക.<br>3. കൌമാര പ്രായക്കാരായ പെൺകുട്ടികളെ ബാധിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുക.<br>4. കൌമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക മാനസിക അരോഗ്യത്തെ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക.<br>5. കൌമാര പ്രായക്കാരായ പെൺകുട്ടികൾ അഭിമുഖീകരിക്കേണ്ടി വരുന്ന ജെൻഡറുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുക. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവന്ന സ്കൂൾ കൗൺസിലർമാർക്ക് വിടുതൽ ഉത്തരവ് നൽകാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ; | (ബി) വിടുതൽ ഉത്തരവ് നൽകിയിട്ടില്ല. |
| (സി) പ്രസ്തുത സ്കൂൾ കൗൺസിലർമാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) സ്കൂൾ കൗൺസിലർമാരുടെ നിയമനം കരാർ അടിസ്ഥാനത്തിലാണ് നിലവിൽ നടത്തിവരുന്നത് |
| (ഡി) നിലവിലെ രീതിയിൽ സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി തുടരുന്നതിൽ അപാകതയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി നിലവിലെ രീതിയിൽ തുടരാവുന്നതാണ്. |

സെക്ഷൻ ഓഫീസർ